മിനിമം വേതനം നിശ്ചയിച്ചിട്ടില്ല. മിനിമം വേതനം ആവശ്യപ്പെട്ടുകൊണ്ട് കോഴിക്കോട് ജില്ലയിൽ 2 സ്ഥാപനങ്ങളിൽ ജീവനക്കാർ നടത്തിയ സമരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഭക്ഷ്യസംസ്കരണ മേഖലയിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുമ്പോൾ ടി വിഭാഗത്തെ പ്രത്യേകമായി ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

കളിമൺ പാത്ര നിർമ്മാണ തൊഴിൽ

239 (2794) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കളിമൺ പാത്ര നിർമ്മാണ തൊഴിലിനെ പരമ്പരാഗത തൊഴിൽ പട്ടികയിൽ ഉൾപ്പെടുത്തുമോ ;

(ബി) 60 വയസ്സു കഴിഞ്ഞ പരമ്പരാഗത കളിമൺ പാത്രനിർമ്മാണ തൊഴിലാളികൾക്ക് പെൻഷൻ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ;

(സി) അതിപ്രാചീനമായിട്ടുള്ള പരമ്പരാഗത കളിമൺപാത്ര നിർമ്മാണ വ്യവസായ യൂണിറ്റുകൾ പുനരുദ്ധരിക്കുന്നതിന് തൊഴിൽ വകുപ്പിന് കീഴിൽ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പരിശോധിക്കുന്നതാണ്.

(ബി) കേരള കൈത്തൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗത്വം എടുത്ത തൊഴിലാളികൾക്ക് 60 വയസ്സ് പൂർത്തിയാകുമ്പോൾ പെൻഷൻ നൽകിവരുന്നു.

(സി) ആവിഷ്കരിച്ചിട്ടില്ല.

ചുമട്ടുതൊഴിൽ മേഖലയിലെ തൊഴിൽ നഷ്ടവും പരിഹാരവും

240 (2795) ശ്രീ. എം. എ. വാഹീദ് :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് ചുമട്ടു തൊഴിൽ മേഖലയിലെ തൊഴിൽ നഷ്ടവും പരിഹാരവും സംബന്ധിച്ച് പഠനം നടത്താൻ സമിതിയെ നിയോഗിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) റിപ്പോർട്ടിൽ എന്തെല്ലാം ശുപാർശകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) ഏതെല്ലാം വിഷയങ്ങളാണ് കമ്മിറ്റി പഠനവിധേയമാക്കിയത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത റിപ്പോർട്ടിന്മേൽ എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. തൊഴിൽ മേഖലയിലെ തൊഴിൽ നഷ്ടവും, പരിഹാരവും സംബന്ധിച്ച് പഠനം നടത്തുവാൻ ശ്രീ. വർക്കല കഹാർ, എം.എൽ.എ. ചെയർമാനായും ലേബർ കമ്മീഷണർ കൺവീനറായും കേന്ദ്ര ട്രേഡ് യൂണിയനുകളിൽ നിന്നും ഓരോ പ്രതിനിധികളെയും ഉൾക്കൊള്ളിച്ചുകൊണ്ട് സർക്കാർ ഒരു സമിതിയെ നിയോഗിച്ചിരുന്നു.

(ബി&സി) റിപ്പോർട്ടിലെ ശിപാർശ അനുബന്ധമായി ചേർക്കുന്നു.*

(ഡി) ചുമട്ടുതൊഴിൽ മേഖലയിലെ പൊതുവായ പ്രശ്നങ്ങളും അവയുടെ പരിഹാരമാർഗ്ഗങ്ങളും ചുമട്ടുതൊഴിൽ മേഖലയിലെ നോക്കുകൂലി, അമിതകൂലി തുടങ്ങിയവയും കൂടാതെ തൊഴിലാളികൾക്ക് മതിയായ തൊഴിൽ സംരക്ഷണവും ന്യായമായ കൂലിയും സംബന്ധിച്ച വിഷയങ്ങളാണ് കമ്മിറ്റി പഠന വിധേയമാക്കിയത്.

(ഇ) പ്രസ്തുത റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ സംബന്ധിച്ച് ബഹു. തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ട്രേഡ് യൂണിയൻ പ്രതിനിധികളുമായി ചർച്ച നടത്തുകയുണ്ടായി. പ്രസ്തുത ചർച്ചയിലെ തീരുമാനങ്ങളിന്മേൽ വ്യക്തമായ നടപടിക്രമം കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡും തൊഴിൽ വകുപ്പും (ലേബർ കമ്മീഷണർ) ചേർന്ന് തയ്യാറാക്കി സർക്കാരിന് സമർപ്പിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly